**File No.HEDN-C1/74/2020-HEDN**

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ്- കൊറോണ (കോവിഡ്-19)-സംസ്ഥാനത്തെ , എല്ലാ സർവ്വകലാശാലകളിലെ (സാങ്കേതിക സർവ്വകലാശാല ഉൾപ്പടെ) പരീക്ഷകളും മൂല്യ നിർണ്ണയ പ്രവർത്തനങ്ങളും ഇനി ഒരു അറിയിപ്പുണ്ടാകുന്നതുവരെ മാറ്റി വച്ചതായി പ്രഖ്യാപിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.500/2020/ഉ.വി.വ** തീയതി, തിരുവനന്തപുരം, 27/03/2020

---

പരാമർശം:- സ.ഉ.(സാധാ) നം.479/2020/ഉ.വി.വ തീയതി 20.3.2020

**ഉത്തരവ്**

സംസ്ഥാനത്ത് കൊറോണ വൈറസ് (കോവിഡ്-19) വ്യാപനം തടയുന്നതിനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും (സാങ്കേതിക സർവ്വകലാശാല ഉൾപ്പടെ) 2020 മാർച്ച് 21 മുതൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന പരീക്ഷകൾ മാറ്റി പരാമർശം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 21.3.2020 മുതൽ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള സംസ്ഥാനത്തെ എല്ലാ സർവ്വകലാശാല പരീക്ഷകളും (സാങ്കേതിക സർവ്വകലാശാല ഉൾപ്പടെ) ക്യാമ്പ് മുഖേനയുള്ള മൂല്യ നിർണ്ണയ പ്രവർത്തനങ്ങളും 31.03.2020-ന് ശേഷമുള്ള ദിവസങ്ങളിലേയ്ക്ക് പിന്നീട് പുന:ക്രമീകരിക്കുന്നതായിരിക്കുമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

രാജ്യമൊട്ടാകെ ലോക്ക് ഡൗൺ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ, ഇനി ഒരു അറിയിപ്പുണ്ടാകുന്ന വരെ എല്ലാ സർവ്വകലാശാലകളിലെയും (സാങ്കേതിക സർവ്വകലാശാല ഉൾപ്പടെ) പരീക്ഷകളും , ക്യാമ്പ് മുഖേനയുള്ള മൂല്യ നിർണ്ണയ പ്രവർത്തനങ്ങളും മാറ്റി വച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.ഉഷ ടൈറ്റസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാഡയറക്ടർ ,തിരുവനന്തപുരം
3. ഡയറക്ടർ ,ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ് , പ്രജോ ടവേഴ്സ്, വഴുതക്കാട് ,തിരുവനന്തപുരം
4. ഡയറക്ടർ,എൽ.ബി.എസ് ,സെന്റർ ഫോർ സയൻസ് & ടെക്നോളജി ,തിരുവനന്തപുരം
5. ഡയറക്ടർ,സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള,ആനത്തറ ലെയിൻ, ചാരാച്ചിറ

File No.HEDN-C1/74/2020-HEDN

കവടിയാർ പി.ഔ, തിരുവനന്തപുരം -3

6. പ്രിൻസിപ്പൽ ഗവ. ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്

7.രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/ എം.ജി സർവ്വകലാശാല, കോട്ടയം /ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം/കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല, കൊച്ചി/ കാലിക്കറ്റ് സർവ്വകലാശാല ,മലപ്പുറം/കണ്ണൂർ സർവ്വകലാശാല, കണ്ണൂർ/മലയാളം സർവ്വകലാശാല ,തിരൂർ/നാഷ്ണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ,ന്യുവാൽസ് ക്യാമ്പസ്, കളശ്ശേരി, എറണാകുളം/എ.പി.ജെ.അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി , കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.

8.ഡയറക്ടർ ,കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് ആന്റ് ആർട്സ് ,തെക്കുംതല, കോട്ടയം-686585

9. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

10. ഉദ്യോഗസ്ഥ പരിഷ്ക്കാര (റൂൾസ്) വകുപ്പ്

11. വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്

12. www.highereducation.kerala.gov.in( പ്രസിദ്ധീകരണത്തിന്)

13. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ